# IV സബ്മിഷൻ

## (1) റാന്നിയിലെ കർഷകർക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി നിയോജകമണ്ഡലത്തിലെ സങ്കീർണമായ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എൽ.എ. എന്ന നിലയിൽ നടത്തുന്ന പരിശ്രമങ്ങൾക്ക് സർക്കാരും റവന്യൂ വകുപ്പുമന്ത്രിയും നൽകുന്ന വിലപ്പെട്ട പിന്തുണയ്ക്ക് നന്ദി. തലമുറകളായി ജീവിക്കുന്ന, മണ്ണിനുമേലുള്ള അവകാശത്തിനായി പെരുമ്പെട്ടിയിലെ 747 കുടുംബങ്ങളുടെ ആറ് പതിറ്റാണ്ടായുള്ള കാത്തിരിപ്പ് സഫലമാക്കാൻ റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് നടത്തുന്ന ആത്മാർഥമായ പരിശ്രമങ്ങൾ ഒരു നാടിന്റെ ഹൃദയത്തിലുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥരുടെകൂടി സാന്നിധ്യത്തിൽ നടത്തിയ ഡിജിറ്റൽ സർവെയിൽ ടി കുടുംബങ്ങളുടെ ഭൂമി നോട്ടിഫൈഡ് വനത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും ജണ്ടയ്ക്ക് പൂർണ്ണമായും പുറത്താണെന്നും കണ്ടെത്തിയിട്ടുണ്ട്. ഇനിയും കുരുക്കുകൾ സൃഷ്ടിക്കാൻ ആരെയും അനുവദിക്കാതെ, മഹസറും സ്കെച്ചും തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ച്

പെരുമ്പെട്ടി പട്ടയം നൽകാനുള്ള നടപടി അതിവേഗത്തിലാക്കണമെന്ന് അഭ്യർഥിക്കുന്നു. സമാനമായ തലത്തിൽ പ്രത്യേക ടീം രൂപീകരിച്ച് സർവെ പൂർത്തീകരിച്ച വെച്ചൂച്ചിറയിലെ എക്സ്-സർവീസ് മെൻ കോളനി പട്ടയത്തിലും സർക്കാർ ഉത്തരവ് അതിവേഗമുണ്ടാകണം. വിവരശേഖരണം പൂർത്തിയാക്കിയിട്ടുള്ള വലിയപതാൽ, മിച്ചഭൂമി പ്രശ്നമുള്ള മുക്കുഴി, പട്ടയം ഉടൻ നൽകാൻ കഴിയുന്ന വലിയകുളം, കട്ടുമീൻചിറ, കണ്ണന്നുമൺ, അരയൻപാറ തുടങ്ങിയ സ്ഥലങ്ങളിലും ടി നടപടികൾ വേഗത്തിലാക്കണം. മലയോര ജനത ആദിവാസി വിഭാഗങ്ങൾ താമസിക്കുന്നതും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അടിച്ചിപ്പുഴ, ചൊള്ളനാവയൽ, അരയാഞ്ഞിലിമൺ, കുടമുരുട്ടി, അട്ടത്തോട് എന്നീ സ്ഥലങ്ങളിൽ ഇപ്പോഴും അനുമതിക്കായി കേന്ദ്ര സർക്കാരിന് മുമ്പിൽ നാം കാത്തിരിക്കുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ച് റവന്യൂ - വനം എന്നീ വകുപ്പുമന്ത്രിമാർ കേന്ദ്രമന്ത്രിമാരെ കണ്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾകൂടി വേഗത്തിലാക്കി അവർക്കും അർഹതപ്പെട്ട പട്ടയം നൽകാൻ കഴിയണം. എഴുമറ്റൂരിലെ ഒറ്റക്കൽ കോളനിയിലും ചില

നിയമപ്രശ്നങ്ങളുള്ള, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ നേരിട്ട് ഇടപെട്ടിട്ടുള്ള തെക്കേത്തൊട്ടിയിലും പട്ടയം വേഗത്തിൽ നൽകാൻ കഴിയണം. അർഹതപ്പെട്ട എല്ലാവർക്കും ഭൂമി, ഭൂമിക്ക് രേഖ എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിതമായ നയം നടപ്പാക്കി, നീതിപൂർവമായി മണ്ണിനുമേലുള്ള അവകാശം മലയോര ജനതയ്ക്ക് നൽകാനുള്ള പട്ടയനടപടികൾ വേഗത്തിലാക്കാനുള്ള റവന്യൂ വകുപ്പുമന്ത്രിയുടെ നടപടികളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട്, അതിവേഗം നടപടികൾ പൂർത്തീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നങ്ങൾ വളരെ ദീർഘവും പ്രധാനപ്പെട്ടവയുമാണ്. ഒരു സബ്മിഷന് മറുപടിയായി പറഞ്ഞ് പൂർത്തീകരിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ പ്രശ്നങ്ങൾ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. എല്ലാ പ്രശ്നങ്ങളിലും വളരെ കൃത്യമായി നടപടികൾ എടുക്കുകയും അംഗം ഉന്നയിച്ച ഒൻപത് പ്രധാനപ്പെട്ട കാര്യങ്ങളിലും ഏതാണ്ട് പൂർത്തീകരിക്കാനാകും വിധം, തുടർച്ചയായ യോഗങ്ങളിലൂടെയും നടപടിക്രമങ്ങളിലൂടെയും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് പൊന്തൻപുഴ പട്ടയ പ്രശ്നം, ദീർഘ നാളുകളായി അവിടെ ഉയർന്നുവരുന്ന ഒരു പ്രശ്നമാണ്. സ്വാഭാവികമായി നടത്തുന്ന ഡിജിറ്റൽ റീസർവെയുടെ ഭാഗമായി നടത്തുന്നതിനേക്കാൾ വ്യത്യസ്തമായി പ്രത്യേക എഫെർട്ട് നൽകി ഒരു ടീമിനെ നിശ്ചയിച്ച് വലിയകാവ് റിസർവ് സ്ഥിതിചെയ്യുന്ന പെരുമ്പെട്ടി വില്ലേജിൽ 540 ഹെക്ടറും അങ്ങാടി വില്ലേജിൽ 213 ഹെക്ടറും ചേത്തക്കൽ വില്ലേജിൽ 10 ഹെക്ടറും ഡിജിറ്റൽ സർവെ പൂർത്തിയാക്കിയപ്പോൾ, അവിടെ വനഭൂമി ഉൾപ്പെട്ട് വരുന്നതായി മനസ്സിലാക്കാമെങ്കിലും ഫോറസ്റ്റ് നോട്ടിഫിക്കേഷൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കറാണ്. മൂന്ന് വില്ലേജുകളിലായി ഡിജിറ്റൽ റീസർവെയിൽ കണ്ടെത്തിയിട്ടുള്ള വനത്തിന്റെ വിസ്തൃതി 1889.29 ഏക്കറാണ്. ഇത് നോട്ടിഫിക്കേഷൻ പ്രകാരമുള്ള വന വിസ്തൃതിയേക്കാൾ വളരെ കൂടുതലാണ്. പെരുമ്പെട്ടി, ചേത്തക്കൽ വില്ലേജുകളിൽ 9(2) വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞു. പെരുമ്പെട്ടി വില്ലേജിൽ മാത്രം നിലവിൽ 747 കൈവശക്കാരുടെ സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. മുൻ സർവെ

ഉൾപ്പെട്ട ഭൂമിയുടെ ഇനം സെറ്റിൽമെന്റ് രജിസ്റ്ററിൽ പുറമ്പോക്ക് എന്നും റിമാർക്സ് കോളത്തിൽ റിസർവ് എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജണ്ടയ്ക്കും റിസർവ് വനത്തിന്റെ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വിസ്തീർണത്തിന്റെ അതിർത്തിക്ക് പുറത്തുള്ളതും ബി.റ്റി.ആർ.-ലെ റിമാർക്സ് കോളത്തിൽ RF(റിസർവ് വനം) എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയുടെ ബി.റ്റി.ആർ.-ലെ RF എന്ന റിമാർക്സ് കോളത്തിലെ രേഖപ്പെടുത്തൽ മാറ്റുന്നതിനും 13 നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പായി മുഴുവൻ അർഹതപ്പെട്ട കൈവശക്കാർക്കും പട്ടയം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

റാന്നി താലൂക്കിലെ അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി പട്ടയ പ്രശ്നം, ദീർഘമായ കാലത്തെ അനുഭവമുള്ള ഒരു പ്രശ്നമാണ്. ഇത് പലവിധത്തിലുള്ള കേസുകളിൽ ഉൾപ്പെടുകയും തുടർന്ന് WP(C) 27193/2017 എന്ന കേസിൽ 07-11-2024-ലെ ഉത്തരവിൽ ആറ് മാസത്തിനുള്ളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താനാണ് ബഹുമാനപ്പെട്ട കോടതി നിശ്ചയിച്ചത്. എന്നാൽ, 17-01-2025-ന് ഞാൻ ഉൾപ്പെടെ പങ്കെടുത്ത

യോഗത്തിൽ, പരാമർശ ഭൂമി ജണ്ടയ്ക്ക് പുറത്തായതിനാൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വനാതിർത്തി പങ്കിടാത്ത പ്രദേശമായതിനാലും നിലവിൽ വനം വകുപ്പ് തടസ്സങ്ങൾ ഉന്നയിക്കാത്തതിനാലും ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട ആവശ്യമില്ലെന്ന് അറിയിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് ഫയൽ ചെയ്യാനും വനാതിർത്തി ഉന്നയിക്കാത്തതിനാൽ പട്ടയ നടപടിയുമായി മുന്നോട്ട് പോകാനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. ടി നടപടികളുമായി മുന്നോട്ടുപോകുന്നു. റാന്നി താലൂക്കിലെ ചേത്തയ്ക്കൽ വില്ലേജിലെ വലിയപതാൽ കോളനിയുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ സൂചിപ്പിച്ചതുപോലെ, ഏറ്റവും വേഗത്തിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നു. കൈവശക്കാർക്ക് ഭൂമി കൈവശം വന്നത് 1960-നും 24-01-1986-നും ഇടയിലാണോയെന്ന് കണ്ടെത്തി അർഹത പരിശോധിച്ച് പട്ടയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിലെ എക്സ്-സർവീസ് മെൻ കോളനിയും

നാന്നൂറിലേറെ കൈവശങ്ങൾ നിലവിലുണ്ട്. നിലവിലെ കൈവശക്കാരിൽ എക്സ്-സർവീസ് മെൻ അല്ലാത്തവരും ഉൾപ്പെട്ടിട്ടുള്ളതിനാൽ, നിലവിലുള്ള സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് പട്ടയം നൽകുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്. റാന്നി താലൂക്കിലെ ട്രൈബൽ സെറ്റിൽമെന്റുകളായ പരുവ, മണക്കയം, കുറുമ്പൻമൂഴി, കക്കുടുക്ക, മണ്ണടിശ്ശാല, ഒളികല്ല്, അരയാഞ്ഞിലിമൺ, അടിച്ചിപ്പുഴ, കുടുമീൻച്ചിറ, കുടമുരുട്ടി എന്നിവിടങ്ങളിൽ പുറമ്പോക്ക് എന്ന് ഭൂമിയുടെ ഇനത്തിൽ രേഖപ്പെടുത്തി, റിമാർക്സ് കോളത്തിൽ വനം എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള കേസുകളിൽ അത്തരം പ്രദേശങ്ങളിലെ പട്ടയം പ്രശ്നം പരിഹരിക്കാൻ നിശ്ചയിച്ചു. വടശ്ശേരിക്കര വില്ലേജിലെ മുക്കുഴി, ചേത്തയ്ക്കലിലെ അരയൻപാറ പ്രദേശങ്ങളിലെ പട്ടയപ്രശ്നങ്ങളിലും തീരുമാനമെടുക്കാൻ 17-01-2025-ന് ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. വടശ്ശേരിക്കര വില്ലേജിലെ വലിയകുളം പ്രദേശത്തെ ഭൂമിയിൽ, കരമടയ്ക്കുന്നവരുടെ ഭൂമിയുടെ വിസ്തീർണം കണക്കാക്കി സ്ഥലപരിശോധന നടത്തി ബാക്കിയുള്ള സ്ഥലം പുറമ്പോക്കിൽ മാറ്റിയിട്ടുള്ളതും കൈവശ കക്ഷികൾക്ക് പട്ടയം നൽകാനുള്ള നടപടികൾ

സ്വീകരിക്കുന്നതുമാണ്. റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലെ കണ്ണന്നുമൺ പ്രദേശത്തെ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുന്നു. വനഭൂമി പട്ടയത്തിൽ ഒരുകാലത്തുമില്ലാത്ത നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രധാനമായും റാന്നി, കോന്നി നിയോജകമണ്ഡലങ്ങളിൽ എത്രയും വേഗം നടപടികൾ പൂർത്തീകരിക്കാനുള്ള വലിയ ശ്രമമാണ് സർക്കാർ നടത്തുന്നത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

## (2) ബി.പി.എൽ. കുടുംബങ്ങൾക്ക് ജലനിധി പദ്ധതി പ്രകാരമുള്ള വാട്ടർ ചാർജിൽ കുറവ് വരുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ സാധാരണ ജനങ്ങൾക്ക് ജലവിതരണത്തിനുവേണ്ടി നടപ്പാക്കിയിട്ടുള്ള മാള മൾട്ടി ജി.പി. ജലനിധി പദ്ധതിയിൽ വിതരണനഷ്ടം കുറവ് വരുത്താത്തതിനാൽ ജലവിതരണത്തിൽ പാഴാകുന്ന ജലത്തിനും ബിൽ നൽകുന്നു. അതുപോലെ, കേരള വാട്ടർ അതോറിറ്റി ബി.പി.എൽ. കുടുംബങ്ങൾക്ക് നിശ്ചിത അളവ് പ്രതിമാസം

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സൗജന്യമായി നൽകുമ്പോൾ ജലനിധി സാധാരണ നിരക്കിലുള്ള വാട്ടർ ചാർജ് ഈടാക്കുന്നു. ഈ രണ്ട് വിഷയത്തിലും മാനുഷിക പരിഗണന നൽകിയുള്ള പരിഹാരമുണ്ടാകണമെന്നും ജലനിധി ഏർപ്പെടുത്തിയിട്ടുള്ള ബൾക്ക് മീറ്റർ ചാർജ് കുറവുവരുത്തണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സംസ്ഥാന ജലവിഭവ വകുപ്പിന്റെ കീഴിൽ ലോക ബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ നടപ്പാക്കിയ സാമൂഹ്യ കുടിവെള്ള പദ്ധതിയാണ് ജലനിധി. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 115 ഗ്രാമ പഞ്ചായത്തുകളിൽ 2174 കുടിവെള്ള വിതരണ പദ്ധതികളാണ് നടപ്പാക്കിയത്. 2.60 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഈ പദ്ധതികളിലൂടെ കുടിവെള്ളം ലഭ്യമായി. ഓരോ പദ്ധതിക്ക് വേണ്ടിയും ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുകയും ആകെ നിർമ്മാണ ചെലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായും 15 ശതമാനം ഗ്രാമപഞ്ചായത്ത് വിഹിതമായും സംഭരിച്ചുമാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്.

ഗ്രാമപഞ്ചായത്തുകളിലെ ടാപ്പ് കണക്ഷൻ ഉൾപ്പെടെയുള്ള വിതരണ ശൃംഖലയുടെ ഏകദേശം അമ്പതുകോടി രൂപയുടെ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളുടെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിലാണ് നടന്നത്. ഈ ആസ്തികളുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തുകൾക്കും അതത് പഞ്ചായത്തിലെ ഗുണഭോക്തൃ സമിതികൾക്കുമാണുള്ളത്.

കേരള വാട്ടർ അതോറിറ്റി നേരിട്ട് ടാപ്പുകളിലൂടെ വീടുകൾക്ക് നൽകുന്ന വെള്ളത്തിന് ഗാർഹിക തലത്തിലുള്ള മീറ്റർ റീഡിങിന്റെ അടിസ്ഥാനത്തിൽ ഒരുകിലോ ലിറ്ററിന് 14 രൂപ 41 പൈസയാണ് വെള്ളത്തിന്റെ ചാർജ് ഇനത്തിൽ വാങ്ങുന്നത്. എന്നാൽ ബൾക്ക് വാട്ടർ മീറ്റർ റീഡിങ് പ്രകാരം ഒരുകിലോ ലിറ്ററിന് 16 രൂപ 62 പൈസയാണ് പഞ്ചായത്ത്/സമിതികൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ടിവരുന്നത്. കേരള വാട്ടർ അതോറിറ്റി നടത്തികൊണ്ടുപോകുന്ന സ്കീമുകളിൽനിന്നും വ്യത്യസ്തമായി ബൾക്ക് വാട്ടർ പദ്ധതിയിൽ തുടർന്നുള്ള എല്ലാ ചെലവുകളും അതത് സമിതികൾ തന്നെ വഹിക്കണം (NRW നഷ്ടം, വിതരണ ശൃംഖലയിലും മറ്റ് ആസ്തികളിലുമുള്ള അറ്റകുറ്റ പണികൾ, മീറ്റർ റീഡിങ്, പണം പിരിക്കൽ അടക്കമുള്ള തുടർ

നടത്തിപ്പ് പരിപാലന ചെലവുകൾ). ഇതുമാത്രമല്ല കേരള വാട്ടർ അതോറിറ്റി നേരിട്ട് നടപ്പാക്കുന്ന പദ്ധതിയിൽ ബി.പി.എൽ. കുടംബങ്ങൾക്ക് നൽകുന്ന സബ്സിഡിയും ബൾക്ക് വാട്ടർ സപ്ലൈ സ്കീമിന് ലഭിക്കുന്നില്ല. മേൽ ചെലവുകൾകൂടി കണക്കാക്കുമ്പോൾ ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികളിലെ ഗുണഭോക്താക്കൾ ഒരുകിലോ ലിറ്ററിന് ഇരുപത്തി രണ്ട് രൂപ മുതൽ ഇരുപത്തി അഞ്ച് രൂപവരെ വെള്ളത്തിന്റെ വിലയായി നൽകേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് ബൾക്ക് വാട്ടർ സപ്ലൈ പദ്ധതികൾ നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളുടെയും ഗുണഭോക്തൃ സമിതികളുടെയും ജലവിതരണ സംവിധാനത്തെ വലിയ പ്രതിസന്ധിയിൽ ആക്കിയിട്ടുണ്ട്.

കേരള ജല അതോറിറ്റിയുടെ ഗാർഹിക ഗുണഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി കുടിവെള്ളം നൽകുന്ന അതേ നിരക്കിൽതന്നെ ബൾക്ക് വാട്ടർ നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് എല്ലാവർക്കും ഒരേപോലെ ലഭ്യമാകുന്നതിനുള്ള ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു.

(3) അരൂരിലെ വെള്ളക്കെട്ട്

ശ്രീമതി ദെലീമ: സർ, അരൂർ മണ്ഡലത്തിലെ തീരപ്രദേശത്തെ വെള്ളക്കെട്ട് നിരന്തരമായി ഞാൻ ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രശ്നമാണ്. ഒരു ജനപ്രതിനിധിയെന്ന നിലയിൽ എന്റെയും എന്റെ ജനങ്ങളുടെയും നിസഹായ അവസ്ഥയാണ് ഈ വെള്ളക്കെട്ട്. വേലിയേറ്റവും വേലിയിറക്കവും പ്രകൃതി പ്രതിഭാസമാണ്. മുൻ കാലഘട്ടങ്ങളിൽ വേലിയേറ്റമുണ്ടാകുന്ന സന്ദർഭങ്ങളിൽ ജലം തടസ്സമില്ലാതെ ഒഴുകി കടലിൽ പോകുമായിരുന്നു. ഇന്ന് അതിന് തടസ്സം നേരിട്ടിരിക്കുകയാണ്. ജനങ്ങൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത രീതിയിലുള്ള വെള്ളക്കെട്ടാണ് തീരദേശമേഖലകളിൽ അനുഭവപ്പെടുന്നത്. വെള്ളക്കെട്ട് രൂക്ഷമാകുന്നതോടെ സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞ് മലിനജലംകൂടി ഈ വെള്ളത്തോടൊപ്പം ചേരുന്നത് ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകും. കുട്ടികൾപോലും മലിനജലം നീന്തിയാണ് സ്കൂളുകളിൽ പോകുന്നത്. കായലുകളിലും കൈവഴികളിലും കരിനിലങ്ങളിലും എക്കലും ചെളിയും അടിഞ്ഞ് കിടക്കുന്നതാണ് വെള്ളക്കെട്ട് രൂക്ഷമാകുന്നതിന് പ്രധാന

കാരണം. കായലുകളിലെയും കൈവഴികളിലെയും എക്കൽ മണൽ നിക്ഷേപം മാറ്റി, ആ മണൽ തീരദേശത്ത് ദുരിതം അനുഭവപ്പെടുന്ന വീടുകളിലും പരിസരപ്രദേശങ്ങളിലും ഇട്ട് ഉയർത്തുകയാണെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ സാധിക്കും. കരിനിലങ്ങളിൽ പണ്ടുകാലങ്ങളിൽ ചെളികുത്തിയെടുത്ത് തെങ്ങുകൾക്ക് വളം കൊടുക്കുന്ന സംവിധാനമുണ്ടായിരുന്നു. ഇന്ന് അത് നടക്കുന്നില്ല. ഈ നിസ്സഹായവസ്ഥയ്ക്കും ജനങ്ങളുടെ തീരാദുഃഖത്തിനും പരിഹാരം കാണണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ ജില്ലയിലെ വടക്കൻ പ്രദേശമായ അരൂർ മണ്ഡലം, വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ്. എല്ലാ വർഷവും നവംബർ മാസത്തിൽ കൃഷിയുമായി ബന്ധപ്പെട്ട തണ്ണീർമുക്കം, അന്ധകാരനഴി എന്നീ റഗുലേറ്ററുകളിലെ ഷട്ടറുകൾ അടയ്ക്കുന്നതുമൂലം ഇരുറഗുലേറ്ററുകൾക്കുമിടയിൽ ഇടത്തോടുകളിലും നീർച്ചാലുകളിലും വെള്ളക്കെട്ട് രൂക്ഷമാവുകയും സമീപപ്രദേശങ്ങളിൽ വെള്ളക്കെട്ടുമൂലം നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

അരൂർ മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ അടിക്കടിയുണ്ടാകുന്ന വേലിയേറ്റം തീരദേശവാസികളെ ദുരിതത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള സദസ്സിലെ പരാതികൾ പരിഹരിക്കുന്നതിനായി അരൂർ മണ്ഡലത്തിന് അനുവദിച്ച 7 കോടി രൂപ വിനിയോഗിച്ച് വെള്ളക്കെട്ടിന് പരിഹാരം കാണുന്നതിനായി 9 പ്രവൃത്തികൾ അടങ്ങിയ DPR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റും തയാറാക്കിയിട്ടുണ്ട്.

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി “ Restoration of Ecosystem-Rejuvenation of water bodies surrounding Vembanad Lake in Aroor LAC Phase I’ ’ എന്ന 28.79 കോടി രൂപയുടെ പ്രവൃത്തി ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. ഈ വിഷയങ്ങൾ പരിഹരിക്കപ്പെടേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

(4) <u>ആലപ്പാട് സമഗ്ര പുലിമുട്ട്</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, സുനാമി ദുരന്തംമൂലം തകർന്നുപോയ പ്രദേശമാണ് ആലപ്പാട് പഞ്ചായത്ത്. ടി.എസ്. കനാലിനും അറബിക്കടലിനും ഇടയിലായി കേവലം പതിനേഴ് കിലോമീറ്റർ നീളത്തിൽ ഒരു റിബൺപോലെയുള്ള പ്രദേശമാണ് ആലപ്പാട്. മാത്രവുമല്ല വർഷങ്ങളായി IRE (Indian Rare Earths) ഖനനം നടത്തുന്ന പ്രദേശമാണ്. അതുകൊണ്ടുതന്നെ കടലും കായലും തമ്മിൽ ഒരുമിക്കുന്ന നിമിഷം ഏതാണെന്ന് ഭീതിയോടുകൂടി ഒരുജനത നോക്കിക്കാണുകയാണ്. ഈ അവസ്ഥ മുന്നോട്ടുപോയാൽ രാജ്യത്തിന്റെ ഭൂപടത്തിൽനിന്നുപോലും ഈ പ്രദേശം അപ്രത്യക്ഷമാകുമോയെന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല, ഭയമാണ്. ആലപ്പാട് കടൽകയറ്റം അതിരൂക്ഷമാണ്. അതിരൂക്ഷമായ കടലാക്രമണത്തിൽ അവിടുത്തെ ആരാധനാലയങ്ങൾ, റോഡുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതെല്ലാം തകരുന്നത് നിത്യ സംഭവമാണ്. കഴിഞ്ഞ രൂക്ഷമായ കടലാക്രമണ സമയത്ത് കേരളത്തിൽ പത്ത് hotspot-കൾ സർക്കാർ കണ്ടെത്തി. അതിൽ

ആലപ്പാട്ടും ഉൾപ്പെട്ടിട്ടുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് സമഗ്ര പുലിമുട്ട് പദ്ധതി നടപ്പാക്കുമെന്നും അതിനുവേണ്ടി 172.5 കോടി രൂപ വിനിയോഗിക്കുമെന്നും സർക്കാർ 17-04-2023-ൽ ഉത്തരവ് നൽകുകയുണ്ടായി. കഴിഞ്ഞ നാലുവർഷവും ഞാൻ ഇക്കാര്യം നിയമസഭയിൽ സബ്മിഷനായും ശ്രദ്ധക്ഷണിക്കൽ പ്രസംഗത്തിലും സൂചിപ്പിച്ചിട്ടുള്ളതാണ്. അങ്ങ് ഇക്കാര്യത്തിൽ ശക്തമായി ഇടപ്പെടുന്ന മന്ത്രിയാണ്. ഞാൻ അക്കാര്യത്തിൽ അങ്ങയെ അഭിനന്ദിക്കുന്നു. കഴിഞ്ഞ കുറച്ചുനാളുകളായി മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണെന്നും അതിന്റെ ഫയൽ ഇരിക്കുന്നിടത്തുതന്നെ ഇരിക്കുകയാണ്. ദൈവാധീനത്തിലാണ് ഈ മൺസൂൺ കാലഘട്ടത്തിൽ വലിയ രൂക്ഷമായ കടലാക്രമണം ഉണ്ടാകാതെയിരുന്നത്. ആ പ്രദേശത്തെ മുഴുവൻ ജനങ്ങളും പ്രാർഥിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും ഇക്കാര്യത്തിൽ അടിയന്തരമായി പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള, ടെട്രോപോഡ് ഉപയോഗിച്ചുകൊണ്ടുള്ള കടൽഭിത്തി നിർമ്മാണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇടപ്പെടണമെന്നും ആവശ്യപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം കടൽ മണൽ ഖനനവുമായി

ബന്ധപ്പെട്ട് യാതൊരു പാരിസ്ഥിതിക പഠനവും നടത്താതെ രാജ്യത്തെ കൊള്ളയടിക്കുന്നൊരു സമീപനമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. നിയമസഭ സംയുക്തമായി പ്രമേയം പാസ്സാക്കിയതിനെ അഭിനന്ദിക്കുകയാണ്. ടി വിഷയത്തിന്റെ ഭീകരാവസ്ഥയും അതിന്റെ വരുംവരായ്കയെക്കുറിച്ചും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വകുപ്പുമന്ത്രിയും അടങ്ങുന്ന സർവകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് ബോധ്യപ്പെടുത്തണമെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, 2021-22-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ തീരദേശ പരിരക്ഷ നടപടികൾ രൂപകല്പന ചെയ്ത് നടപ്പാക്കുന്നതിനായി ഒരു ബൃഹദ്പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയതിന് 5300 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു. ലോകബാങ്ക്, ADB, കിഫ്ബി തുടങ്ങി വിവിധ സ്രോതസ്സുകളിലൂടെ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുമെന്നും ഏറ്റവും ദുർബലമായ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആദ്യഘട്ടത്തിന് 1500 കോടി രൂപ വിഹിതം കിഫ്ബി നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങൾ നിർദേശിച്ചിരുന്നു. ഹോട്ട് സ്പോട്ടുകളിലെ കടൽതീര സംരക്ഷണ പ്രവർത്തനങ്ങൾ കിഫ്ബി (KIIFB) വഴി നടപ്പാക്കാനാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. ഹോട്ട് സ്പോട്ടുകളിൽ തീരത്തിനുതകുന്ന തരത്തിലുള്ള സൈറ്റ് സ്പെസിഫിക് ആയ തീരസംരക്ഷണ മാർഗങ്ങൾ കണ്ടുപിടിച്ച്, ഡിസൈൻ ചെയ്യുന്നതിലേക്കായി NCCR (National Centre for Coastal Research) ചെന്നൈ എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം വകുപ്പ് നേടുകയും ചെല്ലാനം, ആലപ്പാട്, കൊല്ലംകോട്, ഒറ്റമശ്ശേരി, കാപ്പാട് എന്നുതുടങ്ങി ഏതാണ്ട് extreme hotspot-ലെ design NCCR-ൽനിന്നും നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒറ്റമശ്ശേരി, ചെല്ലാനം ഫേസ്-1 എന്നിവക്ക് കിഫ്ബി (KIIFB) ധനസഹായം തയ്യാറായിട്ടുണ്ട്. അതിൽ ചെല്ലാനം ഫേസ്-1-ന്റെ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചിട്ടുമുണ്ട്.

ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയ ഗുരുതരമായ കടലാക്രമണ ഭീഷണി നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങളിൽ ഉൾപ്പെടുന്നതാണ്

ആലപ്പാട്. നിലവിലുള്ള കടൽഭിത്തികൾ വളരെ മുമ്പുതന്നെ നിർമ്മിച്ചതിനാൽ, രൂക്ഷമായ കടലാക്രമണംമൂലം അവ പൂർണ്ണമായോ ഭാഗികമായോ തകർന്ന നിലയിലാണ്.

ആലപ്പാട് പോലെതന്നെ പ്രാധാന്യമർഹിക്കുന്നതും അടിയന്തര സ്വഭാവമുള്ളതും ജനങ്ങളുടെ ജീവനും സ്വത്തിനും നിരന്തര ഭീഷണി നേരിടുന്നതുമായ സ്ഥലങ്ങളാണ് മറ്റുള്ള 9 ഹോട്ട്സ്പോട്ടുകളും. നിലവിൽ ചെല്ലാനത്ത് ആദ്യ ഫേസ് പ്രവൃത്തി നടത്തുകയുണ്ടായി. ഇതിനായി 344.20 കോടി രൂപ ചെലവായി. ഇതോടൊപ്പം ഫേസ് 2-നും സമാനമായ തുക വേണ്ടിവരും. ഹോട്ട് സ്പോട്ട് മാത്രമല്ല, കടലാക്രമണം നേരിടുന്ന മറ്റു പ്രദേശങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ തുകകൾ ചെലവാക്കേണ്ടിവരുന്നു. അതുകൊണ്ടുതന്നെ സുസ്ഥിരവും നൂതനവുമായ പ്രവൃത്തികൾ ഹോട്ട്സ്പോട്ട്-കളിലുൾപ്പെടെ നടത്തുന്നതിന് ധനസമാഹരണം സർക്കാരിന് വലിയ തടസ്സം സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും ലഭ്യമായ തുകയുടെ അളവനുസരിച്ച് ആലപ്പാട് ഉൾപ്പെടെയുള്ള ഹോട്ട് സ്പോട്ടുകൾക്കും മറ്റ് കടലാക്രമണം നേരിടുന്ന പ്രദേശങ്ങൾക്കും സുസ്ഥിരസംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ

നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. എം.എൽ.എ. സൂചിപ്പിച്ചത് വളരെ ശരിയാണ് ആ പ്രദേശത്ത് ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുന്ന വിവരം ഗവൺമെന്റ് പലതവണ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. NCCR റിപ്പോർട്ട് വരികയും അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയും ചെയ്ത ഒരു ഹോട്ട്സ്പോട്ടാണ് ആലപ്പാടെന്നതുകൊണ്ട് അതിനാവശ്യമായ മുൻഗണന തീർച്ചയായും നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകും.

(5) <u>കുറ്റ്യാടിയിലെ യാത്ര പ്രശ്നങ്ങൾ പരിഹരിക്കൽ</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കുറ്റ്യാടി മണ്ഡലത്തിലെ യാത്രാപ്രശ്നങ്ങളെക്കുറിച്ചുള്ളതാണ് ഈ സബ്മിഷൻ. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 183 കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുണ്ട്. അതിൽ 122 കിലോമീറ്റർ റോഡ്, ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയതാണ്. ഉന്നതനിലവാരമുള്ള റോഡ് ഉണ്ടെങ്കിലും ബസ് യാത്രാ സൗകര്യമില്ല എന്നത് ഗൗരവമായ പ്രശ്നമാണ്. ജനങ്ങൾ പ്രാദേശികമായി സംഘടിപ്പിക്കുന്ന ജനകീയ ജീപ്പുവഴിയാണ് യാത്ര ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. കുറ്റ്യാടി-വേളം-ചെറുവണ്ണൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന

കുറ്റ്യാടി-വലക്കെട്ട്, പെരുവയൽ-പള്ളിയത്ത് റോഡിലും കുന്നമ്മൽ-വേളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അമ്പലക്കുളങ്ങര-വട്ടക്കണ്ടിപ്പാറ റോഡ്, പുറമേരി-ഇളയടം-വിലാതപുരം റോഡ്, കുറ്റ്യാടി-അമ്പലക്കുളങ്ങര റോഡ്, വട്ടോളി-പാതിരപ്പറ്റ റോഡ് തുടങ്ങി ഒട്ടനവധി ഉന്നതനിലവാരമുള്ള റോഡുകളുണ്ടെങ്കിലും ഗതാഗതസൗകര്യമില്ലെന്നതാണ് ഗൗരവമായ പ്രശ്നം. പുറമേരി പഞ്ചായത്തിലെ പുറമേരി-വേറ്റുമൽ റോഡ് ഉന്നതനിലവാരം പുലർത്തുന്നതാണെങ്കിലും അവിടെ യാതൊരു ഗതാഗത സൗകര്യവുമില്ല. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ ഹബ്ബായി അറിയപ്പെടുന്ന മണിയൂർ പഞ്ചായത്തിലെ റോഡ് ഉന്നതനിലവാരത്തിലുള്ളതാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികൾ സഞ്ചരിക്കേണ്ടതാണ്. പക്ഷേ അവിടെയും ഗതാഗത സൗകര്യമില്ല. വടകര-മണിയൂർ ഭാഗത്തും എളമ്പിലാട്-അട്ടക്കുണ്ട് ഭാഗത്തും പ്രത്യേകം ബസ് അനുവദിച്ചുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാകണം. രണ്ടോ മൂന്നോ മിനി ബസുകൾ അനുവദിച്ചാൽ കുറ്റ്യാടി മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ടി തയ്യാറാകണം.

അതോടൊപ്പം മാനന്തവാടിയിലേക്ക് കോഴിക്കോടുനിന്നും ഏറ്റവും എളുപ്പത്തിൽ എത്താൻ സാധിക്കുന്ന ദേശസാൽക്കൃത റൂട്ടാണ് കോഴിക്കോട്-ഉള്ള്യേരി-കുറ്റ്യാടി-മാനന്തവാടി റോഡ്. ആവശ്യമായ ബസ് ഇല്ലാത്തതിന്റെ ഫലമായി വലിയ പ്രയാസമാണ് അനുഭവിച്ചുവരുന്നത്; അതിന് പരിഹാരമുണ്ടാക്കണം. മാന്തവാടി-കുറ്റ്യാടി-പാല, കോഴിക്കോട്-കുറ്റ്യാടി-മൈസൂർ-ബാംഗ്ലൂർ എന്നീ റൂട്ടുകളിലെ ബസ് സർവീസ് സമീപകാലത്ത് നിർത്തലാക്കിയതാണ്. റിസർവേഷൻ സൗകര്യം ഇല്ലാത്തതിനാലാണ് യാത്രാക്കാരുടെ എണ്ണം കുറഞ്ഞത്. അത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരത്തിന്റെ ഭാഗമായി ജനകീയ സഭ നിർദേശിച്ച റൂട്ടുകളിൽ ബസ് അനുവദിച്ചുകൊണ്ട് പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ബസ് ഓടാത്ത റൂട്ടിൽ ആർ.ടി.ഒ.-യിൽ അപേക്ഷ കൊടുത്താൽപോലും പരിഗണിക്കുന്നില്ല. അതുകൊണ്ട്

ആർ.ടി.ഒ.-യിൽ കെട്ടികിടക്കുന്ന പരാതികൾക്ക് തീർപ്പുണ്ടാക്കുകയും ചെയ്യണമെന്ന് വിനയപൂർവ്വം അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, തൊട്ടിൽപാലം യൂണിറ്റിൽനിന്നും വേളം ഗ്രാമപഞ്ചായത്തിലെ ശാന്തിനഗർ, പെരുവയൽ, പള്ളിയത്ത് വഴി പേരമ്പ്ര വരെ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസ്, പ്രസ്തുത റോഡിന്റെ ജോലികൾ നടത്തുന്നതിനായി റോഡ് ബ്ലോക്ക് ചെയ്തിരിക്കുന്നതിനാൽ നിലവിൽ വടകര പള്ളിയത്ത് വഴിയാണ് സർവീസ് നടത്തുന്നത്. വടകര യൂണിറ്റിൽനിന്നും ഇളമ്പിനാട് ഭാഗത്തേക്ക് ആവശ്യാനുസരണം സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കുറ്റ്യാടി-വേളം പഞ്ചായത്തിലെ ശാന്തിനഗർ, പെരുവയൽ, പള്ളിയത്ത്-പേരാമ്പ്ര-വടകര എന്നീ റൂട്ടുകളും വേളം ഗ്രാമപഞ്ചായത്തിലെ വലകെട്ട്, കളിക്കുന്ന്, പുള്ളിയത്ത്, പേരാമ്പ്ര, കക്കട്ടിൽ, നീട്ടൂർ, അമ്പലക്കുളങ്ങര, മൊകേരി, നെടുവയൽ, വടകര എന്നീ റൂട്ടുകളിൽ സ്വകാര്യ ബസുകൾ ധാരാളമായി സർവീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. അവിടെ മത്സരിച്ചിട്ട് കാര്യമില്ല. ദേശാസാൽക്കൃത റൂട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടുണ്ട്. ആ റൂട്ടുകളിൽ കുറവുള്ള

വാഹനങ്ങൾ അനുവദിക്കുന്നതായിരിക്കും. എം.എൽ.എ.-മാരുടെ അധ്യക്ഷതയിൽ നടന്ന ജനകീയ സദസ്സിന്റെ ഭാഗമായി റൂട്ട് ഫോർമുലേറ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന ലിസ്റ്റിൽ 503 റൂട്ടുകൾ ഇപ്പോൾ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (എസ്.ടി.എ.) യോഗത്തിൽ അംഗീകരിച്ചുവന്നിട്ടുണ്ട്. പെർമിറ്റുകൾ ഉടൻ അനുവദിക്കുന്നതായിരിക്കും. അതിന്റെ നോട്ടിഫിക്കേഷൻ അടിയന്തരമായി ഇറക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇത്തരം ബസുകൾ ഇല്ലാത്ത റൂട്ടിൽ, ഇതിൽപ്പെടാത്ത എന്തെങ്കിലും പെർമിറ്റുകൾ ആർ.ടി.ഒ.-മാർ പിടിച്ചുവച്ചിട്ടുണ്ടെങ്കിൽ ഉടൻതന്നെ അത് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ മുഴുവൻ വിഷയങ്ങളും ഒരുമിച്ച് പരിഗണിക്കുന്നതാണ്. ഇത്തരം വിഷയങ്ങൾ ഓരോ ജില്ലയായി പരിഗണിക്കാൻ പോകുകയാണ്. ഉദ്യോഗസ്ഥരെ നേരിട്ട് വിളിച്ചുവരുത്തി നിർദേശം നൽകുകയും ചെയ്യുന്നതാണ്. ബസുടമകൾ തമ്മിലുള്ള മത്സരവും അവർ ചോദിക്കുന്ന സമയം നൽകുന്നതുമുൾപ്പെടെ പല കാരണങ്ങളാൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ ബുദ്ധിമുട്ടുന്നുണ്ട്. അത് തീർപ്പാക്കുന്ന കാര്യം സർക്കാർ ആലോചനയിലുണ്ട്. പാല ബസ് ഓപ്പറേറ്റ്

ചെയ്തിരുന്നെങ്കിലും നേരത്തെ സർവീസ് നിർത്തിയിരുന്നു. ഓപ്പറേറ്റ് ചെയ്യുന്നതിൽ ചെലവാകുന്ന ഡീസലിന്റെയും മെയിന്റനൻസിന്റെയും ചാർജ് പോലും ലഭിക്കാത്തതുകൊണ്ടാണ് നിർത്തലാക്കിയത്. മൈസൂറിലേയ്ക്കുള്ള റൂട്ട് കോവിഡ് കാലത്ത് ബ്ലോക്ക് ചെയ്തതാണ്. അതിനുശേഷം ആ പെർമിറ്റ് വേറെ സ്ഥലത്ത് ഉപയോഗിക്കുകയാണ്; അക്കാര്യം പരിഹരിക്കാം. അദ്ദേഹം പറഞ്ഞ സ്ഥലങ്ങൾ സബ്മിഷനിൽ കൃത്യമായി എഴുതി തന്നിട്ടില്ല. അതുനൽകിയാൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഇക്കാര്യങ്ങളിൽ പരിഹാരം കാണുന്നതായിരിക്കും.

ദേശാസാൽക്കൃത റൂട്ടുകളിൽ.., ചെറിയ ബസ്സുകൾ വരുന്നമുറയ്ക്ക് തീർച്ചയായും നൽകുന്നതാണ്. അടുത്ത മാസം മുതൽ ചെറിയ ബസ് വന്നുതുടങ്ങും. ഇപ്പോൾ എല്ലാ എം.എൽ.എ.-മാരിൽനിന്നും ഏറ്റവും കൂടുതൽ ഡിമാൻഡ് ഉണ്ടാകുന്നുണ്ട്. അത് പരിഗണിച്ചുകൊണ്ട് വാഹനങ്ങൾ വരുന്നമുറയ്ക്ക് വിതരണം ചെയ്യുന്നതായിരിക്കും.

(6) കേരള സഹകരണ ചട്ട ഭേദഗതി

ശ്രീ. യു. എ. ലത്തീഫ്: സർ, 21-02-2025-ന് കേരള ഗവൺമെന്റ് എക്സ്ട്രാ ഓർഡിനറി ഗസറ്റായി ഇറക്കിയ നോട്ടിഫിക്കേഷനിൽ, കേരള കോപ്പറേറ്റീവ് റൂൾസിൽ 43 B എന്ന പുതിയ വകുപ്പ് ചേർക്കണമെന്നാണ് പറയുന്നത്. ഒരു സൊസൈറ്റി/ബാങ്കിന്റെ ജനറൽ ബോഡിയിലെ 3 അംഗങ്ങൾ അവിശ്വാസ പ്രമേയത്തിന് ഒരു നോട്ടീസ് രജിസ്ട്രാർക്ക് നൽകിയാൽ 5-ാം വകുപ്പ് അനുസരിച്ച് അദ്ദേഹം മീറ്റിങ് കൺവീൻ ചെയ്യണമെന്നാണ് അതിൽ പറയുന്നത്. 12-ാം വകുപ്പ് അനുസരിച്ച് അത് പാസായാലുടനെ; "...the Management Committee which lost the confidence shall cease to hold office thereafter and shall be deemed to be vacant forthwith, and the Registrar shall issue an order appointing an Administrator or Administrative Committee....." നിലവിൽ ഈ നിയമത്തിലെ സെക്ഷൻ 32-ൽ വ്യക്തമാക്കുന്നത്, If the Registrar is satisfied that the committee of any society wilfully disobeys or fails to comply with any lawful order or direction issued under this Act, then give notice and then an order to remove the committee and appoint an administrator or administrative committee എന്നാണ്. 43 B-

ൽ പറയുന്ന മുഴുവൻ കാര്യങ്ങളും സെക്ഷൻ 32-ൽ അടങ്ങിയിട്ടുണ്ട്. പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും നീക്കാനുള്ള വകുപ്പ് 43 A-യിലും പറയുന്നുണ്ട്. പിന്നെ എന്തിനാണ് അടിയന്തരമായി ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നത്; ഞങ്ങൾ ഭയപ്പെടുന്നുണ്ട്. മുമ്പ് എം. വി. രാഘവൻ സ്ഥാപിച്ച സൊസൈറ്റി പൂട്ടിച്ചു. ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് കമ്മിറ്റി പിടിച്ചടക്കാൻ ശ്രമിച്ചു. ഏറനാട്ടിൽ കാർഷിക വികസന ബാങ്ക്, സർവീസ് ബാങ്ക് തുടങ്ങി ധാരാളം സൊസൈറ്റികൾ പിടിച്ചു. അതിനുവേണ്ടി വീണ്ടും സഹകരണ ജനാധിപത്യത്തെ തകർക്കാൻ ഇവിടത്തെ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന ബാങ്കുകൾ പിടിച്ചടുക്കാനുള്ള ഒരു ഗൂഢശ്രമമാണെന്ന് ആശങ്കപ്പെടുകയാണ്. ശ്രീ. സണ്ണി ജോസഫ് ഇക്കാര്യം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് കേരള ഹൈക്കോടതി അങ്ങനെ ഒരു നിരീക്ഷണം നടത്തിയെന്നാണ്. ഏതാണ് ആ വിധിയെന്ന് ഞങ്ങൾക്ക് അറിയില്ല. അങ്ങനെയുണ്ടെങ്കിൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി റോഡിൽ പന്തൽ കെട്ടരുതെന്ന് പറഞ്ഞിട്ടും വീണ്ടും കെട്ടിയില്ലേ? കൊടികളും തോരണങ്ങളും ഫ്ലക്സും വയ്ക്കരുതെന്ന് പറഞ്ഞിട്ടും സി.പി.ഐ.(എം) കേരളത്തിൽ മുഴുവൻ എത്രയാണ് കെട്ടിയത്. എന്താണ് ഇതിനോട് മാത്രം ഇത്ര താല്പര്യം? കേരള ബാങ്ക് ഒഴികെ ബാക്കി എല്ലാ കാര്യങ്ങളിലും ന്യായമായി ഇടപെടുന്ന ബഹുമാനപ്പെട്ട മന്ത്രിയോട്

ഞാൻ അഭ്യർഥിക്കുന്നത് 43 B എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നത് അനാവശ്യമാണ് എന്നതാണ്. അത് മദർ ആക്ടിൽ ഇല്ലാത്തതാണ്. ലോകത്തിലൊരിടത്തും ഇന്നുവരെ നടപ്പാക്കാത്തതാണ്. ഇന്ത്യയിൽ തീരെ ആവശ്യമില്ലാത്തതാണ്. കേരളത്തിൽ അനാവശ്യമാണ്. അതുകൊണ്ട് ആ പ്രൊപ്പോസൽ പിൻവലിക്കണമെന്ന് വളരെ വിനീതമായി അഭ്യർഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, കേരള ബാങ്ക് ഒഴികെ ബാക്കി എല്ലാ കാര്യങ്ങളിലും സർക്കാർ നീതിപൂർവ്വം ഇടപെടുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ സന്തോഷമുണ്ട്. കേരള ബാങ്ക് അംഗീകരിക്കാത്തത് അങ്ങേയ്ക്ക് മലപ്പുറം ബാങ്ക് നഷ്ടപ്പെട്ടതുകൊണ്ടാണ് എന്ന വിഷമവും ഞാൻ മനസ്സിലാക്കുന്നുണ്ട്. അതിന് ഇനിയുള്ള മാർഗം വീണ്ടും തിരഞ്ഞെടുപ്പ് നടത്തണം. അങ്ങ് ഉന്നയിച്ച ഈ വിഷയത്തിന് കൃത്യമായുള്ള മറുപടി, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സ്പെഷ്യൽ ജനറൽ ബോഡി മീറ്റിങ് നടത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് മുൻ എം.എൽ.എ. ശ്രീ. ശിവദാസൻ നായർ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 05/2022-യുടെ വിധിന്യായം ഹൈക്കോടതി 27-01-2022-ൽ തള്ളിയിരുന്നു. പ്രസ്തുത വിധിന്യായത്തിനെതിരെ അദ്ദേഹം ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. 159/2022 ഹൈക്കോടതിയുടെ 14-03-

2022-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷന്റെ വിധി ശരിവയ്ക്കുകയും സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദേശിക്കുകയും ചെയ്തിരുന്നു. സഹകരണ നിയമത്തിനനുസൃതമായി വ്യവസ്ഥകൾ വർഷങ്ങൾക്കുശേഷവും ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിന് നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കോടതി വിധിപ്രകാരം സഹകരണ ചട്ടത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതിനായി ചട്ടം 43 B, Motion of No-Confidence കൂട്ടിച്ചേർക്കുന്നതിനായി കരട് തയ്യാറാക്കുകയും നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം കരട് 22-01-2025-ലെ ഗസറ്റ് നമ്പർ 669-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. ഹൈക്കോടതിയുടെ നിർദേശാനുസരണം സഹകരണ നിയമം അനുശാസിക്കുന്നവിധത്തിൽ ചട്ടം നിർമ്മാണം നടത്തുന്നതിന് കരട് 22-01-2025-ലെ ഗസറ്റ് 669-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടി വിഷയത്തിൽ ലഭിച്ചിട്ടുള്ള ഹർജികൾകൂടി പരിശോധിച്ച് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) വിശ്വകർമ്മ വിഭാഗക്കാർക്ക് പ്രത്യേക സംരക്ഷണ പാക്കേജ്

ഡോ. മാത്യു കുഴൽനാടൻ: സർ, ലോകത്തിന്റെ സൃഷ്ടികർത്താക്കളെന്നാണ് വിശ്വകർമ്മാക്കളെ പറയപ്പെടുന്നത്. അവരുടെ കരവിരുതും കഴിവും അഭിനന്ദനീയമാണ്. മരത്തിലും കല്ലിലും ലോഹത്തിലും പണിയെടുക്കുന്ന വിശ്വകർമ്മ സമൂഹം ജനസമൂഹത്തിന്റെ സ്വപ്നസാക്ഷാത്കാരങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ചവരാണ്. വിശ്വകർമ്മ സമൂഹത്തിന്റെ ഒരു സമ്മേളനത്തിൽ ഞാൻ പങ്കെടുക്കാൻ പോയപ്പോൾ അവർ നിരവധി ആവശ്യങ്ങൾ പറയുകയുണ്ടായി. അവരുടെ വിഭാഗത്തിൽപ്പെട്ട ഒരാൾ നിയമസഭയിലില്ലാത്തതുകൊണ്ടാണ് ഇക്കാര്യങ്ങളൊന്നും സഭയിൽ ഉന്നയിക്കപ്പെടാത്തത് എന്നരീതിയിൽ അവരുടെ ഭാഗത്തുനിന്നും പറഞ്ഞതുകൊണ്ടാണ് ഈ സബ്മിഷൻ ഞാൻ സഭയിൽ ഉന്നയിക്കുന്നത്. ഒരു സമൂഹത്തിനും അത്തരത്തിലൊരു alienation ഫീൽ ചെയ്യാൻ പാടില്ല എന്നതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ എന്തുതന്നെയായാലും നിങ്ങൾക്കുവേണ്ടി ഞാൻ സഭയിൽ ഉന്നയിക്കുമെന്ന് അവിടെവച്ച് ഉറപ്പുകൊടുക്കുകയും ചെയ്തു. വളരെ വിശദമായ ആവശ്യങ്ങളുൾപ്പെട്ട ഒരു representation അവർ ഇതിനോടകം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 12 ആവശ്യങ്ങൾ ഉൾപ്പെടുന്ന

representation ഞാനും എന്റെ നിലയ്ക്ക് ഗവൺമെന്റിന് ഫോർവേർഡ് ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രസക്തമായി തോന്നിയത് ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ അവരുടെ അവകാശത്തിലുൾപ്പെട്ടതും അത് നടത്തിക്കൊടുക്കേണ്ടതുമാണെന്നാണ്. ഉമ്മൻചാണ്ടി സാർ നിയന്ത്രിത അവധിയായി നൽകിയ വിശ്വകർമ്മദിനം പൊതുഅവധിയായി പ്രഖ്യാപിക്കണമെന്നുള്ളതും അവരുടെ ഒരു ആവശ്യമാണ്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ സ്ഥാപനങ്ങളിൽ രണ്ട് ശതമാനം അധിക സംവരണം ലഭിക്കുന്നത്, എയ്ഡഡ് സ്ഥാപനങ്ങളിൽ ലഭിക്കുന്നില്ലെങ്കിൽ അത് അവരുടെ അവകാശത്തിന്മേലുള്ള ഒരു കൈകടത്തലാണെന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ പരമ്പരാഗത തൊഴിലുകൾ നിലനിർത്തുന്നതിന് പ്രത്യേക പരിഗണന അവർ സർക്കാരിൽനിന്നും ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു. ഇതുപോലെയുള്ള അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ സർക്കാർ തയ്യാറാകുമോ; വിശ്വകർമ്മ സമൂഹത്തിന് ഒരു alienation ഫീൽ ചെയ്യാതെ അവരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ട പരിഗണന നൽകാൻ തയ്യാറാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്തെ പിന്നാക്ക വിഭാഗ പട്ടികയിൽ ക്രമനമ്പർ 30 ആയി ഉൾപ്പെട്ട സമുദായമാണ് വിശ്വകർമ്മ സമുദായം. 23 ഉപവിഭാഗങ്ങളടങ്ങിയ പാരമ്പര്യ തൊഴിൽ സമുദായമാണ് വിശ്വകർമ്മജർ. വിശ്വകർമ്മ വിഭാഗത്തിന്റെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന നിരവധി പദ്ധതികൾ നിലവിൽ നടപ്പാക്കിവരുന്നു. വിശ്വകർമ്മ വിഭാഗത്തിന് സംസ്ഥാന സർക്കാർ സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ടും ഇതര തസ്തികകളിൽ മൂന്നും ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗക്കാർക്കുള്ള ഉദ്യോഗം അവർക്ക് ലഭ്യമാക്കണമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ഒരു വിഭാഗത്തിന് മാറ്റിവച്ച തസ്തികകളിൽ അതേ വിഭാഗത്തെ തിരഞ്ഞെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

വിദ്യാഭ്യാസ മേഖലയിൽ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിലും എം.ടെക്. കോഴ്സുകളിലും രണ്ട് ശതമാനം സംവരണം അവർക്ക് അനുവദിക്കുന്നുണ്ട്. മറ്റ് കോഴ്സുകളിൽ, അതായത് ഒ.ബി.സി. വിഭാഗത്തിന്റെ

7 ശതമാനത്തിൽ ഉൾപ്പെടുത്തിയ സംവരണം അനുവദിക്കുന്നു. ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബവാർഷിക വരുമാനമുള്ളവർക്ക് സർക്കാർ/സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് കെ.പി.സി.ആർ. (കുമാര പിള്ള കമ്മീഷൻ റിപ്പോർട്ട്) പ്രകാരം ഫീസടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. ഇതേ ആനുകൂല്യങ്ങൾ സ്വാശ്രയ എഞ്ചിനിയറിംഗ് കോഴ്സുകൾ പഠിക്കുന്നവർക്കും ലഭ്യമാണ്.

സംസ്ഥാനത്തിനുപുറത്തുള്ള കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഈ വിഭാഗം വിദ്യാർഥികൾക്ക് സംസ്ഥാനത്തിനകത്ത് CA (Chartered Accountant), CMA (Certified Management Accountant), Company Secretary കോഴ്സുകൾ പഠിക്കുന്നതിനും 2.5 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി ആനുകൂല്യങ്ങൾ നൽകിവരുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന മത്സര പരീക്ഷാ പരിശീലനം, ഓവർസീസ് സ്കോളർഷിപ്പ്, അഡ്വക്കേറ്റ് ഗ്രാന്റ്, പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ്പ് സബ്സിഡി, വിവിധ സ്വയം തൊഴിൽ വായ്പകൾ എന്നിവയും അർഹരായ വിശ്വകർമ്മ വിഭാഗത്തിന് ലഭ്യമാക്കുന്നുണ്ട്. പിന്നാക്ക വിഭാഗ വികസന കോർപറേഷൻ, ആർട്ടിസാൻസ് വികസന കോർപറേഷൻ എന്നിവ നടപ്പാക്കുന്ന വിവിധ

വായ്പാപദ്ധതികളും വിശ്വകർമ്മജർക്ക് ലഭ്യമാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 60 വയസ്സുകഴിഞ്ഞ, ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബവാർഷിക വരുമാനമുള്ള വിശ്വകർമ്മജരുടെ നിലവിലെ പെൻഷൻ സമ്പ്രദായം 1600/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. വിശ്വകർമ്മ വിഭാഗത്തിന്റെ തൊഴിൽശേഷിയും ജീവിത സാഹചര്യവും മെച്ചപ്പെടുത്താൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് 20,000/- രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. കരകൗശല വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിശ്വകർമ്മജർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണിയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ന്യായവില ഉറപ്പാക്കുന്നതിനും നഗരകേന്ദ്രങ്ങളിൽ ഉൽപന്ന പ്രദർശനത്തിനും വിപണനത്തിനും സ്ഥിരം സംവിധാനമടക്കം ഏർപ്പെടുത്തുന്നതിന് വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്ക അവസ്ഥ പഠിക്കുന്നതിനായി നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷന്റെ

റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കാനുള്ള നടപടികൾ വിവിധ വകുപ്പുകൾ ഇതിനകംതന്നെ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ വിഭാഗക്കാർക്ക് വിശ്വകർമ്മ ദിനം പൊതു അവധിയായി നൽകണമെന്നുള്ള കാര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടില്ല.

(8) കുണ്ടറ താലൂക്കാശുപത്രിയിലെ സ്റ്റാഫ് നിയമനം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് കുണ്ടറയിൽ സെറാമിക്സ് ആരംഭിച്ച സമയത്ത് അവിടത്തെ ജീവനക്കാർക്കും നാട്ടുകാർക്കുംവേണ്ടി ഒരു ഡിസ്പെൻസറിയായി ആരംഭിച്ച ആശുപത്രി ഇപ്പോൾ താലൂക്കാശുപത്രിയെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. കിഫ്ബി മുഖേന 76 കോടി രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ നിർമ്മാണം ഏതാണ്ട് അന്തിമഘട്ടത്തിലാണ്. കെട്ടിടത്തിന്റെ പുരോഗതി വിലയിരുത്താൻ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയോടൊപ്പം ഞാനും സന്ദർശനം നടത്തിയിരുന്നു. കെട്ടിടത്തിന്റെ പ്രവർത്തന പുരോഗതി നിരന്തരമായി വിലിയിരുത്തിക്കൊണ്ടിരിക്കുകയാണ്. 2025 മാർച്ച് മാസം അവസാനത്തോടുകൂടി നിർമ്മാണം പൂർണമായും പൂർത്തിയാകുമെന്നാണ് വിശ്വസിക്കുന്നത്. നിലവിൽ 22 ബെഡ് സ്റ്റെങ്ത്തുള്ള ആശുപത്രിയിൽ പുതിയ കെട്ടിടം പൂർത്തിയാകുന്നതോടുകൂടി 141 ബെഡ്

സ്പെഷ്യാലിറ്റി ആയി മാറുകയും കൂടാതെ ലാബ്, എക്സ്റേ, സ്കാനിങ്, ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു., മോർച്ചറി, പോസ്റ്റ്മോർട്ടം സംവിധാനം, പേ-വാർഡ് തുടങ്ങിയ എല്ലാ സംവിധാനങ്ങളുമുള്ള ആശുപത്രിയായി മാറുകയും ചെയ്യും. നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് ഉപയോഗിച്ചുകൊണ്ട് 141 എന്ന ബെഡ് സ്ട്രെങ്തിലേക്ക് മാറുമ്പോൾ ആശുപത്രി പ്രവർത്തിക്കാനാകാത്ത സാഹചര്യമുണ്ടാകും. എം.എൽ.എ. ഫണ്ട് മുഖേന ഡയാലിസിസ് യൂണിറ്റിനുവേണ്ടി തുക അനുവദിച്ചിട്ടുള്ളതിനാൽ ടി യൂണിറ്റ് പ്രവർത്തനം ആരംഭിക്കേണ്ടതായിവരും. പുതിയതായി അവിടെ നേഴ്സിംഗ് ഓഫീസറുടെ 20 പോസ്റ്റും നേഴ്സിംഗ് അസിസ്റ്റന്റിന്റെ 10 പോസ്റ്റും ഹോസ്പിറ്റൽ അറ്റൻഡറിന്റെ ഗ്രേഡ് 30 പോസ്റ്റും ഇ.സി.ജി., എക്സ് റേ ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ പോസ്റ്റുകളിലെയും ഒഴിവുകൾ നികത്തിയെങ്കിൽ മാത്രമെ നമുക്ക് ആശുപത്രി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ സൂപ്രണ്ടിന്റെ സ്ഥിരം പോസ്റ്റില്ലാത്തതിനാൽ സിവിൽ സർജൻ ഇൻ-ചാർജ് വഹിക്കുകയാണ്. സർജറി, ഓർത്തോ, ഇ.എൻ.ടി. വിഭാഗങ്ങൾകൂടി അനുവദിക്കേണ്ടതായിട്ടുണ്ട്. ഇവയെല്ലാം അനുവദിച്ചുകൊണ്ട് ആശുപത്രിയെ സജീവമായ പ്രവർത്തനത്തിലേക്ക് കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബിയിലൂടെ 76.13 കോടി രൂപ അനുവദിച്ചുകൊണ്ട് 8 നിലകളിലായുള്ള ബഹുനിലകെട്ടിടം പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. അത്യാഹിത വിഭാഗങ്ങൾ, 2 ഓപ്പറേഷൻ തിയേറ്ററുകൾ, ഒ.പി. വിഭാഗം, ജനറൽ വാർഡുകൾ, മെഡിക്കൽ വാർഡുകൾ, സർജിക്കൽ വാർഡുകൾ, പേ-വാർഡ്, എക്സ്റേ, റേഡിയോളജി, ലാബ്, മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സിസ്റ്റം, മലിനജല ശുചീകരണ പ്ലാന്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളുമൊരുക്കിയാണ് ഈ ആശുപത്രി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതിന്റെ ഭാഗമായി നിലവിൽ 17 ഡോക്ടർമാരുൾപ്പെടെ (12 സ്ഥിരം തസ്തികയിലുള്ള ഡോക്ടർമാരും NHM മുഖേന നൽകിയ 5 ഡോക്ടർമാരും) 42 സ്ഥിരം ജീവനക്കാരുടെ തസ്തികയാണുള്ളത്. ഇതുകൂടാതെ 58 താൽക്കാലിക ജീവനക്കാരെ വിവിധ സ്കീമുകളിലൂടെ നൽകിയിട്ടുണ്ട്. ഇവിടെ കൂടുതൽ തസ്തികകളാവശ്യമായി വരുമെന്നുള്ളത് യാഥാർഥ്യമാണ്. ഈ സർക്കാരിന്റെ കാലയളവിൽ നഴ്സിംഗ് ഓഫീസർ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകൾ അവിടെ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ അവിടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ

പരിഗണനയിലുണ്ട്. ഈ ലിസ്റ്റിൽ കുണ്ടറ താലൂക്കാശുപത്രിയെക്കൂടി ഉൾപ്പെടുത്തിയുള്ള ഫയലാണ് സർക്കാർ മുന്നോട്ടുപോകുന്നത്, അതിൽ താമസിയാതെ തീരുമാനമുണ്ടാകും.

P-17-03-2025
AK-AY (1)
11.40-11.50

**ബജറ്റ് രേഖകളിന്മേലുള്ള ഭേദഗതികളുടെ സമർപ്പണം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകളോടൊപ്പം സമർപ്പിച്ച അനുബന്ധം IV-ൽ വന്ന തിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള പുതുക്കിയ അനുബന്ധം IV ഞാൻ സമർപ്പിക്കുന്നു. അതോടൊപ്പം പ്രസ്തുത തിരുത്തലുകളുടെ സംക്ഷിപ്തം പട്ടിക 1 ആയും അതിന്റെ അടിസ്ഥാനത്തിൽ ധനാഭ്യർത്ഥന വാല്യം-3-ൽ വരുന്ന വ്യത്യാസം പട്ടിക 2 ആയും ബജറ്റ്-ഇൻ-ബ്രീഫിൽ വരുന്ന വ്യത്യാസം പട്ടിക 3 ആയും ഞാൻ സമർപ്പിക്കുന്നു.

(ധനകാര്യം)